# 17

# ശിഷ്യത്വത്തിനുള്ള വില

## (8:18- 22)

അദ്ധ്യായം 8 ലും 9 ലും മൂന്നു സെറ്റ് അത്ഭുതങ്ങളാണുള്ളത്, അതിനെ രണ്ടായി തിരിച്ച് (8:1–17; 8:23–9:8; 9:18–34), ശിഷ്യത്വത്തിന് ഊന്നൽ കൊടുത്തിരിക്കുന്നു (8:18–22; 9:9–17). മത്തായി 8:18–22 ശിഷ്യത്വ സംഭാഷണങ്ങൾ ചുരുക്കി പറഞ്ഞിരിക്കുന്നു, യേശുവിനെ പിൻപറ്റുവാൻ ആഗ്രഹിച്ച രണ്ടുപേരെ കുറിച്ചാണ് പറയുന്നത്. തന്റെ ശിഷ്യന്മാരിൽനിന്നു യേശു പ്രതീക്ഷിക്കുന്നതിനെയാണ് അവിടെ ചർച്ച ചെയ്തിരിക്കുന്നത്. ഊന്നൽ കൊടുത്ത് ആവർത്തിച്ചിരിക്കുന്ന മുഖ്യ വാക്കുകളാണ്, "അനുഗമിക്ക," (*അകോലൗതെയോ*) "പോക" (*അപെർകോമായി*) എന്നിവ.

### സമ്പത്ത് (8:18-20)

**[18]എന്നാൽ യേശു തന്റെ ചുറ്റും വളരെ പുരുഷാരത്തെ കണ്ടാറെ, അക്കരെക്കു പോകുവാൻ കൽപിച്ചു. [19]അന്നു ഒരു ശാസ്ത്രി അവന്റെ അടുക്കൽ വന്നു, ഗുരോ നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു. [20]യേശു അവനോട് "കുറുനരികൾക്ക് കുഴികളും ആകാശത്തിലെ പറവകൾക്ക് കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തല ചായ്പാൻ ഇടം ഇല്ല" എന്നു പറഞ്ഞു.**

**വാക്യം 18.** യേശു ദൈവപുത്രൻ ആണെങ്കിലും, അമ്മയായ, മറിയയിൽകൂടെ ജനിച്ചതിനാൽ മനുഷ്യപുത്രനും ആയിരുന്നു (8:20). അതു വാസ്തവമായതുകൊണ്ടാണ് അവന് നമ്മെ പോലെ ക്ഷീണവും ബലഹീനതയും ഉണ്ടായിരുന്നത്. അവൻ കഫർന്നഹൂമിൽ എത്തിയതുമുതൽ അസംഖ്യം രോഗികൾ അവനു ചുറ്റും കൂടിയിരുന്നു. തൽഫലമായി അവനു ശാരീരികവും മാനസികവും ആയ ക്ഷീണം നേരിട്ടിരുന്നു. തനിക്കു ചുറ്റും **പുരുഷാരം** [കൂടുന്നു] എന്ന് **യേശു കണ്ടിട്ട്** [തന്റെ ശിഷ്യന്മാർക്ക്] **അക്കരെക്കു പോകുവാൻ** അവൻ കൽപനകൾ കൊടുക്കുവാൻ തുടങ്ങി. "അക്കരെ" എന്നത് സൂചിപ്പിക്കുന്നത് ഗലീലാ കടൽ കിഴക്കും പടിഞ്ഞാറുമായി രണ്ടു പകുതിയായി കിടക്കുന്നു എന്നാണ്. യോർദ്ദാൻ നദിയിൽനിന്നു പുറത്തേക്കും അതിനകത്തേക്കും ഒഴുകുന്ന ഒരു നേർരേഖ കടലുമായി ബന്ധിപ്പിക്കുന്നു. ആ ഭാഗം സ്ഥിതി ചെയ്തിരുന്നത് കടലിന്റെ കിഴക്കുവശത്തുള്ള ദെക്കപ്പൊലിയിലാണ്. ഗലീലാ കടലിന്റെ വടക്കു പടിഞ്ഞാറായിട്ടായിരുന്നു കഫർന്നഹൂം സ്ഥിതി ചെയ്തിരുന്നത്.

**വാക്യം 19.** കടലിനക്കരെ പോകുവാൻ ചെറു പടകിൽ അവൻ കയറുന്നതിനു മുൻപ് യേശുവിനു പിന്നെയും അഭിമുഖീകരിക്കേണ്ടി വന്നു, അപ്പോൾ **ഒരു ശാസ്ത്രി വന്ന് അവനോട്, "ഗുരോ, നീ എവിടെ പോയാലും, ഞാൻ നിന്നെ അനുഗമിക്കാം."** "ഒരു ശാസ്ത്രി" (*ഗ്രമ്മാടേയസ്*) പഴയനിയമ തിരുവെഴു

ത്തുകളും മറ്റു പ്രധാനപ്പെട്ട രേഖകളും കയ്യിൽ കൊണ്ടു നടക്കുന്നവനാണ്. ആ വാക്കിന്റെ യഥാർത്ഥ അർത്ഥത്തിൽ, അവരുടെ ജോലിയുടെ മേന്മ നിമിത്തം അവരെ പണ്ഡിതന്മാരായിട്ടാണ് കണക്കാക്കിയിരുന്നത്. ന്യായപ്രമാണ ഉപദേഷ്ടാക്കന്മാരായിട്ടാണ് അവരെ അറിയപ്പെട്ടത്, എന്നാൽ പരീശന്മാരെ പൊതുവിൽ അങ്ങനെ അറിയപ്പെട്ടിരുന്നില്ല.

ഈ ശാസ്ത്രിയുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുവാൻ ഒരു കാരണവും കാണുന്നില്ല. എന്നിരുന്നാലും, അവൻ യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിച്ചത് വ്യക്തിപരമായ നേട്ടത്തിനായിരുന്നേക്കാം. അവൻ യേശുവിനെ ബഹുമാനത്തോടെ "ഗുരോ" (*ഡിഡാസ്കലോസ്*) എന്നാണ് സംബോധന ചെയ്തത്. ഒരു ശാസ്ത്രി യേശുവിനെ ഗുരു എന്നു സംബോധന ചെയ്തത് വളരെ ശ്രദ്ധേയമാണ്. എങ്ങനെയായാലും, അനവധി പേർ – അവന്റെ ശത്രുക്കൾ പോലും – യേശുവിനെ അങ്ങനെ വിളിച്ചിട്ടുണ്ട് (12:38; 19:16; 22:16, 24, 36).

**വാക്യം 20**. ശാസ്ത്രിയുടെ തീരുമാനത്തെ പരിശോധിച്ച് യേശു അവനോട് പറഞ്ഞു, "**കുറുനരികൾക്ക് കുഴികളും ആകാശത്തിലെ പറവകൾക്ക് കൂടുകളും ഉണ്ട്, മനുഷ്യപുത്രനോ തല ചായ്പാൻ ഇടമില്ല**." ഒരിക്കൽ കൂടെ അവൻ പ്രകൃതിയെ എടുത്തു ("കുറുനരികളും" "പറവകളും") തന്റെ സന്ദേശം അറിയിക്കുന്നു (6:26, 28 നോക്കുക). "ഈ സാഹചര്യത്തോട് ചേർക്കാവുന്ന ഒരു പഴഞ്ചൊല്ലുപോലെയായിരുന്നു യേശുവിന്റെ ഉത്തരം."[1] "യേശുവിന്റെ ശുശ്രൂഷയുടെ ഫലം സ്ഥാപനങ്ങൾ സ്ഥാപിച്ച് സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതായിരുന്നില്ല"[2] എന്ന് മൈക്കിൾ ജെ. വിൽക്കിൻസ് പറഞ്ഞു.

"തല ചായ്പാൻ" ഇടമില്ല എന്നതിനർത്ഥം യേശുവിനു താമസിക്കുവാൻ സ്ഥലം ഇല്ലായിരുന്നു എന്നല്ല. തന്റെ പരസ്യശുശ്രൂഷയുടെ ആരംഭം മുതൽ കേന്ദ്രസ്ഥാനമാക്കിയിരുന്ന, കഫർന്നഹൂം വിട്ടുപോകുവാൻ അവൻ തയ്യാറെടുക്കുകയായിരുന്നു. ബെഥാന്യയിലുള്ള മാർത്തയുടേയും, മറിയയുടേയും, ലാസറിന്റേയും വീട്ടിൽ അവൻ താമസിച്ചിരുന്നു (ലൂക്കൊ. 10:38, 39; യോഹ. 12:1–3), തീർച്ചയായും, അനേക ഭവനങ്ങൾ അവനെ സ്വാഗതം ചെയ്തിരുന്നു (10:11 നോക്കുക). അവനു തന്റേതായ ഒരു ഭവനം ഇല്ലായിരുന്നു. പ്രായോഗികമായ ഉദ്ദേശപ്രകാരം, യേശു ചുറ്റിസഞ്ചരിക്കുന്ന ഒരു ഉപദേഷ്ടാവായിരുന്നു, നിരന്തരമായി യാത്ര ചെയ്തു സുവിശേഷം അറിയിച്ചുകൊണ്ടിരുന്നു. പഴയ നിയമ പ്രവാചകന്മാരെ പോലെ അവൻ ഒരുപക്ഷെ തുറസായ സ്ഥലങ്ങളിൽ കല്ല് തലയിണയായി വെച്ച് കിടന്നിരിക്കാം. പുറകിൽ തന്റേതായ അൽപം വസ്ത്രം മാത്രമുണ്ടായിരുന്നേക്കാം. താൽപര്യമുള്ള ശാസ്ത്രി വിചാരിച്ചത് ആദ്യം ജീവിതശൈലി ഒന്നു ഭദ്രമാക്കിയിട്ട് ക്രിസ്തുവിനെ അനുഗമിക്കാമെന്നാണ്.

യേശു ഒരു പട്ടണത്തിൽനിന്നു മറ്റൊരു പട്ടണത്തിലേക്ക് യാത്ര ചെയ്തു കൊണ്ടിരുന്നപ്പോൾ, പലപ്പോഴും അവൻ ത്യജിക്കപ്പെട്ടിരുന്നു (യോഹ. 1:11). അതുപോലെ തന്നെ യെഹൂദ്യയിലും (യോഹ. 5:18). ഗലീലിയിലുള്ളവരും അവനെ വിട്ടുപോയിരുന്നു (യോഹ. 6:66), ഗദ്രേനയിലുള്ളവർ തങ്ങളുടെ കടൽത്തീരം വിട്ടുപോകണമെന്ന് അവനോട് ആവശ്യപ്പെട്ടു (8:34). ശമര്യപട്ടണം അവൻ അവിടെ താമസിക്കുന്നതിന് അനുവദിച്ചില്ല (ലൂക്കൊ. 9:52, 53). അവസാനം ലോകം അവനെ തള്ളിക്കളഞ്ഞു (27:23).

"മനുഷ്യപുത്രൻ" എന്നാണ് അവൻ തന്നെ കുറിച്ച് പലപ്പോഴും പറഞ്ഞിരുന്നത്. പുതിയനിയമത്തിൽ എൺപത്തി-യെട്ടു പ്രാവശ്യം ഉപയോഗിച്ച വിശേ

ഷണങ്ങളിൽ ആദ്യത്തേതാണ് മത്തായി 8:20 ലേത്. എന്നാൽ "മനുഷ്യപുത്രൻ" എന്നത് മശിഹാ പദവി ആയിരുന്നു (ദാനി. 7:13, 14 നോക്കുക), യേശുവിനെ അധികവും മനുഷ്യരുമായി ബന്ധപ്പെടുത്തിയിരുന്ന വിശേഷണമായിരുന്നു അത്.[3] രാജാധി രാജാവും കർത്താധി കർത്താവും ആയിരുന്നവൻ ഭൂമിയോളം തന്നെത്താൻ തഴ്ത്തി ഒരു യാചകനെ പോലെ ജീവിച്ചത്, ഏറ്റവും വലിയ താഴ്മയായിരുന്നു (ഫിലി. 2:5–8).

## കുടുംബം (8:21, 22)

**[21]ശിഷ്യന്മാരിൽ വേറൊരുത്തൻ അവനോട്, "കർത്താവേ, ഞാൻ മുമ്പെ പോയി എന്റെ അപ്പനെ അടക്കുവാൻ അനുവാദം തരേണം എന്നു പറഞ്ഞു." യേശു അവനോട്, [22]"നീ എന്റെ പിന്നാലെ വരിക; മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കം ചെയ്യട്ടെ എന്നു പറഞ്ഞു."**

**വാക്യം 21.** അന്വേഷണവുമായി **വേറൊരു ശിഷ്യൻ** വന്നു എന്നു സൂചിപ്പിക്കുന്നത് ശാസ്ത്രിയും ക്രിസ്തുവിന്റെ ശിഷ്യനായി തീർന്നിരുന്നു എന്നാണ്. അയാൾ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായിരുന്നു എന്നു വിശ്വസിക്കുക പ്രയാസമാണ്, കാരണം "ശിഷ്യൻ" (*മതേറ്റെസ്*) എന്ന വാക്ക് വിശാലമായ അർത്ഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ആ പേർ പന്ത്രണ്ടു പേർക്കും ഉപയോഗിച്ചിരുന്നു, അത് പൊതുവിൽ, "പഠിക്കുന്നവൻ" അല്ലെങ്കിൽ ഒരു "വിദ്യാർത്ഥി" എന്നീ അർത്ഥത്തിലും ഉപയോഗിച്ചിരുന്നു. അതിൽ ആത്മിയ ലക്ഷ്യാർത്ഥം ഒന്നുമില്ല. യഥാർത്ഥത്തിലുള്ളതോ അല്ലാത്തതോ ആയ ഏതു തരത്തിലുള്ള "അനുഗമിക്കുന്നവനെയും" ഉദ്ദേശിച്ച് പറഞ്ഞിരുന്നു.

"എന്നെ അനുഗമിക്ക" എന്നു യേശു പറഞ്ഞതായിട്ടാണ് ഈ സന്ദർഭത്തിൽ, ലൂക്കൊസ് പറഞ്ഞിരിക്കുന്നത് (ലൂക്കൊ. 9:59; മത്താ. 8:22). ഗലീലാ കടലിനക്കരെക്കു ഉടനെ യാത്ര തിരിക്കുമ്പോൾ ആ ശിഷ്യൻ തന്നെ അനുഗമിക്കുവാൻ യേശു ആഗ്രഹിച്ചിരിക്കാം. ആ മനുഷ്യൻ പറഞ്ഞു, "കർത്താവേ, ഞാൻ ആദ്യം പോയി എന്റെ അപ്പനെ അടക്കുവാൻ അനുവാദം തരേണം." ആ സമയത്ത് യേശുവിനോട് ഏറ്റവും അടുത്ത് അനുഗമിക്കാൻ കഴിയാതെ അവൻ ഒരുപക്ഷെ ഒഴികഴിവ് പറഞ്ഞതാകാം. ചുരുങ്ങിയത്, വാസ്തവത്തിലുള്ള ശിഷ്യത്വത്തിനു മുൻപ് അവൻ കുടുംബപരമായ ചുമതല വെക്കുകയായിരുന്നു (10:37; ലൂക്കൊ. 14:26).

ആ മനുഷ്യന്റെ സാഹചര്യം വിശദമായി നമുക്ക് അവ്യക്തമാണ്, എന്നാൽ മൂന്നു സാധ്യതകൾ ഉയരുന്നു: ഒന്ന്, അവൻ തന്റെ അപ്പനോട്കൂടെ ആയിരിക്കുന്നതിനുള്ള ഒരു ഒഴികഴിവ് നിരത്തുന്നു, അയാൾ രോഗി ആയോ അല്ലാതെയോ ഇരുന്നിരിക്കാം. പ്രായമായ അമ്മയപ്പന്മാരുള്ളപ്പോൾ അവർ മരിക്കുന്നതുവരെ, അവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം ആൺമക്കൾക്കാണ്. ജോൺ മെക് ആർദർ ജൂനിയർ പറഞ്ഞത്, ആ പ്രയോഗം ഉപയോഗിച്ചിരിക്കുന്നത്, "ഒരു വീട്ടിൽ അപ്പൻ പ്രായമായി മരിച്ച് സ്വത്ത് ഭാഗം വെക്കുന്നതുവരെ, അവരുടെ എല്ലാ കാര്യത്തിലും സഹായിക്കേണ്ട ഉത്തരവാദിത്തം ആൺമക്കൾക്കാണ് എന്ന് പൂർവ്വദേശങ്ങളിലെ ആലങ്കാരിക ഭാഷ വ്യക്തമാക്കുന്നു."[4] മിഡിൽ ഈസ്റ്റിൽ ഇന്നും അതേ പതിവ് നിലനിൽക്കുന്നു.

രണ്ട്, ആ മനുഷ്യന്റെ അപ്പൻ മരിച്ചുപോയതിനാൽ, അയാളുടെ ശവസം

സ്ക്കാരത്തിനുള്ള ഏർപ്പാടുകൾ ചെയ്യുവാനുള്ള ഉത്തരവാദിത്തം തന്നിലാണെന്ന് അവൻ കരുതിയേക്കാം. മരിച്ച അന്നു തന്നെ ശവം അടക്കിയിരുന്നതിനാൽ അപ്പോൾ തന്നെ താമസിച്ചുപോയിരിക്കാം (27:59, 60; പ്രവൃ. 5:5, 6, 10). അടക്കശേഷം ഒരാഴ്ച്ച വിലാപമായിരിക്കും (ഉല്. 50:10; 1 ശമു. 31:13). അത്തരം ഹൃദയസ്പർശിയായ ആവശ്യം യേശു ഒരിക്കലും അനുവദിക്കാതിരിക്കയില്ല.

മുന്ന്, ആ മനുഷ്യന്റെ അപ്പൻ മരിക്കയും അടക്കത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കുകയും ചെയ്തിരിക്കാം. ശരീരം ശീല ചുറ്റി കല്ലറയിൽ അടക്കിയിരിക്കും. എങ്ങനെയായാലും, മകൻ ഒരു വർഷം കഴിഞ്ഞ് കല്ലറയിൽ പോയി അസ്ഥി എടുത്ത് ഓസ്വറി[5] എന്നു വിളിക്കപ്പെടുന്ന അടക്കപ്പെട്ടിയിലാക്കി കല്ലറയുടെ പുറകിൽ വീട്ടിലെ മറ്റംഗങ്ങൾ ഭാവിയിൽ അടക്കുവാനുള്ള സ്ഥലം വിട്ട് അവിടെ നിക്ഷേപിക്കും. ഈ സംഭവത്തിൽ, ആ മനുഷ്യൻ യേശുവിനെ അനുഗമിക്കുവാൻ തീരുമാനിക്കുന്നതിനു മുൻപ് തന്റെ അന്തിമമായ കടമ നിർവ്വഹിക്കുവാനാണ് അവൻ ആഗ്രഹിച്ചത്.

മരിച്ചവരെ അടക്കുന്നത്, പ്രത്യേകിച്ച് ഒരാളുടെ രക്ഷകർത്താക്കളെ അടക്കുന്നത് തീർച്ചയായും ഒഴിച്ചുകൂടാനാകാത്ത കടമയാണ് (ഉല്. 23:1–20; 25:7–10; 35:28, 29; 49:28–50:14). "നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക" എന്നായിരുന്നു യിസ്രായേലിന്നു കൊടുത്ത അഞ്ചാമത്തെ കൽപന (പുറ. 20:12; ആവ. 5:16), അതിൽ ഒരാൾ അപ്പനെയും അമ്മയേയും ശരിയായി അടക്കുന്നതും ഉൾപ്പെട്ടിരിക്കും. ദിവസേന ഷേമാ ചൊല്ലൽ, ഫൈലാക്ടെറുകൾ ഇടുക എന്നതിനേക്കാൾ പ്രാധാന്യം ഒരാളുടെ അപ്പനേയും അമ്മയേയും അടക്കുന്നതിനുണ്ടെന്ന് റബ്ബിമാർ പഠിപ്പിച്ചിരുന്നു.[6] പിന്നീട് അപ്പനേയും അമ്മയേയും ബഹുമാനിക്കുക എന്നതു ദൈവകൽപനയാണെന്ന് യേശു പറഞ്ഞിരിക്കുന്നു (15:1–9). എങ്കിലും, അവ എല്ലാറ്റിനേക്കാളും പ്രാധാന്യം യേശുവിനെ അനുഗമിക്കുന്നതിനുണ്ട്.

**വാക്യം 22. എന്നാൽ യേശു അവനോട്, "നീ എന്റെ പിന്നാലെ വരിക, മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ."** അവന്റെ പ്രതികരണം "ആലങ്കാരികമായ പഴഞ്ചൊല്ല് പോലെയായിരുന്നു"എന്നത് ഫലത്തിൽ അർത്ഥമാക്കിയത്, "ലോക കാര്യങ്ങളെല്ലാം ലോകക്കാർ നോക്കിക്കൊള്ളട്ടെ."[7] അതിനർത്ഥം ആത്മീകമായി മരിച്ചവർ തങ്ങളുടെ ഭൗതികമായി മരിച്ചവരെ അടക്കം ചെയ്യട്ടെ. മറ്റൊരു സാധ്യത എന്തെന്നാൽ കുറെ കാലമായി ശാരീരികമായി മരിച്ചുകൊണ്ടിരിക്കുന്നവർ തങ്ങളുടെ അപ്പോൾ മരിച്ചവരെ അടക്കട്ടെ എന്നുമാകാം. അതെന്തായാലും, രാജ്യത്തിന്റെ സന്ദേശം എടുത്ത് ആളുകളിലേക്ക് എത്തിക്കുന്നത് നിത്യജീവനു വേണ്ടിയുള്ളതാകയാൽ, അതാണ് ഏറ്റവും പ്രാധാന്യമുള്ളതെന്നാണ് യേശു ആ മനുഷ്യനോട് പറഞ്ഞത്.

മൂന്നാമത് മറ്റൊരു അന്വേഷി യേശുവിനെ സമീപിച്ചതായി ലൂക്കൊസിന്റെ വിവരണത്തിൽ പറയുന്നു, അതിൽ അവൻ പറഞ്ഞു, "കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം; ആദ്യം എന്റെ വീട്ടിലുള്ളവരോട് യാത്ര പറവാൻ അനുവാദം തരേണം." (ലൂക്കൊ. 9:61). ഈ രംഗം ഏലിയാവ് ഏലിശായെ വിളിക്കുന്നതുപോലെയാണ്. ഏലിയാ പ്രവാചകനെ അനുഗമിക്കുവാൻ ഏലിശായോട് പറഞ്ഞപ്പോൾ, വീട്ടിലുള്ളവരോട് യാത്ര പറയുവാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, പ്രവാചകൻ അവനെ അനുവദിച്ചിരുന്നു (1 രാജാ. 19:19–21). എങ്ങനെയായാലും, ശിഷ്യത്വത്തിന്, യേശു ഏലിയാവിനേക്കാൾ വില കൊടുത്തതായി കാണാം. അവൻ പ്രതികരിച്ചു, "കലപ്പക്ക് കൈ വെച്ചശേഷം പുറകോട്ടുനോ

ക്കുന്നവൻ ആരും ദൈവരാജ്യത്തിന് കൊള്ളാകുന്നവനല്ല.” (ലൂക്കൊ. 9:62). യേശുവിന്റെ ശിഷ്യനാകുന്നതിന് പൂർണ്ണ സമർപ്പണം ആവശ്യമാണ്. ശിഷ്യത്വത്തിന് ആവശ്യമായ നിലവാരത്തെ താഴ്ത്തുവാൻ യേശു തയ്യാറായില്ല.

**പാഠം**

**യേശുവിന്റെ മനുഷ്യത്വം (8:20)**

യേശുവിനെ പലപ്പോഴും വിളിച്ചിരുന്നത് “മനുഷ്യപുത്രൻ” എന്നാണ്. “ദൈവ പുത്രൻ” എന്നു വിളിക്കപ്പെടുവാൻ അവന് എല്ലാ അവകാശവുമുണ്ടായിരുന്നു. യേശു തന്നെ കുറിച്ച് “മനുഷ്യപുത്രൻ” എന്ന പ്രധാനപ്പെട്ട ഒരു പ്രസ്താവനയാണ് നടത്തിയതെന്ന് ഇതു സൂചിപ്പിക്കുന്നു. ഒരു വശത്ത്, അവൻ തന്റെ മനുഷ്യത്വത്തിന് ഊന്നൽ കൊടുത്തിരിക്കുന്നു, മറുവശത്ത്, ഊന്നൽ കൊടുത്തിരിക്കുന്നത്, അവന്റെ വീണ്ടെടുപ്പിന്റെ ആധികാരിക ദൗത്യത്തെയാണ്. നമ്മോട് ബന്ധം പുലർത്തുവാൻ ദൈവം മനുഷ്യനായി തീർന്നു.

---

കുറിപ്പുകൾ

[1]റോബർട്ട് എച്ച്. മൗൺസ്, മാത്യു, ന്യു ഇന്റർനാഷ്ണൽ ബിബ്ലിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 77. [2]മൈക്കിൾ ജെ. വിൽക്കിൻസ്, ‘‘മാത്യു,’’ ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട് കമെന്ററി, വാല്യം. 1, മാത്യു, മാർക്ക്, ലൂക്ക്, എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 59. [3]“മനുഷ്യപുത്രൻ” എന്ന പേർ പ്രവാചകന്റെ മനുഷ്യത്വത്തെ ഊന്നി,യെഹസ്കേലിന്റെ പുസ്തകത്തിൽ ഉടനീളം കാണാം. [4]ജോൺ ആർതർ, ജൂനിയർ., ദ മാക്ആർതർ ന്യൂടെസ്റ്റമെന്റ് കമെന്ററി: മാത്യു 8-15 (ഷിക്കാഗോ: മൂഡി പ്രസ്, 1987), 24-25. [5]നോക്കുക മിഷ്നാ സാൻഹാദ്രൻ 6.6; പെസഹിം 8.8; മോയെഡ് കാടാൻ 1.5, 6. [6]മിഷ്നാ ബെരാക്കോത് 3.1; താൽമൂദ് ബെരാക്കോത് 31 ഏ. [7]മാക് ആർതർ, 25.